‘നീലനക്ഷത്ര’ നടപടിയെ തുടർന്ന് കലാപമുണ്ടാക്കിയ സിഖ് പട്ടാളക്കാരുടെ പ്രശ്നവും പഴയപോലെ അവശേഷിക്കുന്നു.

ഈ ചുററുപാടിൽ പ്രാദേശിക സ്ഥാപനങ്ങളിലേക്കു തിരഞ്ഞെടുപ്പു നടത്തിയതുകൊണ്ടു മാത്രം പഞ്ചാബിലെ സ്ഥിതിഗതികളിൽ എന്തു മാററം വരാനാണ്? മുഖ്യമായ ഒരു അവയവത്തെ ബാധിച്ച ക്യാൻസർപോലെ, പഞ്ചാബിലെ ഭീകരപ്രസ്ഥാനം ഇന്ത്യൻ സമൂഹത്തിന്റെ ആരോഗ്യത്തെ കാർന്നുതിന്നു നശിപ്പിച്ചുകൊണ്ട് ദീർഘകാലത്തേക്ക് നമ്മോടുകൂടെ ഉണ്ടായിരിക്കുമെന്നു കരുതാനാണ് ന്യായം കാണുന്നത്.

എന്തു ചെയ്യാം? സഹിക്കുകതന്നെ!

(22 നവംബർ 1988)

# 23. ഡാർജിലിങ് ഗോർഖാഹിൽ കൗൺസിൽ

പശ്ചിമബംഗാൾ സംസ്ഥാനത്തിലേർപ്പെട്ട ഡാർജിലിങ് എന്ന ഹിമാലയൻ സുഖവാസകേന്ദ്രം തലസ്ഥാനമാക്കി, ഗോർഖാജനവിഭാഗത്തിനു ഭൂരിപക്ഷമുള്ളതും ഡാർജിലിങ്, കർസിയോങ്, കലിംപോങ് എന്നീ സബ്ഡിവിഷനുകളും മററ് ഏതാനും പ്രദേശങ്ങളും ഉൾപ്പെടുന്നതുമായ ഒരു പുതിയ സംസ്ഥാനം ഇന്ത്യൻ യൂണിയനകത്ത് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സുഭാസ്ഘീസിങ്ങിന്റെ നേതൃത്വത്തിൽ ‘ഗോർഖാ നാഷനൽ ലിബറേഷൻ ഫ്രണ്ട്’ (ഗോർഖാദേശീയ വിമോചനമുന്നണി—ജി. എൻ. എൽ. എഫ്.) എന്ന സംഘടന 1986 മെയ്മാസത്തിൽ ആരംഭിച്ച പ്രക്ഷോഭണത്തെപ്പററി ആ ആണ്ടിൽ ജൂൺ 20-ാം തീയതി ഈ പംക്തിയിൽ ഞാൻ എഴുതിയിരുന്നു (മനനങ്ങൾ നിഗമനങ്ങൾ പേജ് 187) ഈ പ്രക്ഷോഭണം അതിന്റെ ആരംഭത്തിൽ ബംഗാളിൽ അധികാരം പുലർത്തുന്ന കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയും ഗോർഖകളും തമ്മിലുള്ള ഒരു ‘യുദ്ധം’ ആയിരുന്നതിനാൽ, മാർക്സിസ്റ്റുകാരെ അലോസരപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്രഗവണ്മെൻറ് ഗോർഖകളെ അനുകൂലിക്കുകയാണെന്ന ധാരണ പരക്കെ ഉണ്ടായിരുന്നു. എന്നാൽ, പ്രക്ഷോഭണത്തിൻ ഫലമായി ജനങ്ങളുടെ ജീവനും (ഇരുനൂററിമുപ്പതു മരണം) സ്വത്തിനും (നൂററിനാല്പതുകോടി ഇരുപതുലക്ഷം രൂപ) സംഭവിച്ച നാശം പ്രതീക്ഷയിൽ കവിയുകയും പ്രക്ഷോഭണം നീണ്ടുപോകുന്നതു് രാജ്യത്തിന്റെ സുസ്ഥിതിയെത്തന്നെ അപകടത്തിലാക്കിയേക്കുമെന്ന് ആശങ്ക ഉളവാക്കുകയും ചെയ്തതു നിമിത്തമാവണം, 1987 മധ്യമായപ്പോഴേക്ക് ഈ പ്രശ്നം സംബന്ധിച്ച കേന്ദ്രഗവണ്മെൻറിന്റെ നിലപാടിൽ പ്രകടമായ ഒരു മാററം കാണപ്പെട്ടു. ‘ഗോർഖാലാൻഡ്’ എന്ന പേരിൽ ഒരു സംസ്ഥാനം രൂപവൽക്കരിക്കുക സാദ്ധ്യമല്ലെന്ന് കേന്ദ്രഗവണ്മെൻറ് ദൃഢമായി പ്രഖ്യാപിച്ചു; അതേസമയം, ഗോർഖകൾക്കു ഭൂരിപക്ഷമുള്ള പ്രദേശങ്ങൾക്ക് വ്യാപകമായ സ്വയംഭരണം അനുവദിക്കുന്നതിന് പശ്ചിമബംഗാൾ ഗവണ്മെൻറിനെ പ്രേരിപ്പിക്കുകയും ചെയ്തു. കേന്ദ്രഗൃഹമന്ത്രി ബൂട്ടാസിംഹും പശ്ചിമബംഗാൾ മുഖ്യമന്ത്രി ജ്യോതിബസുവും ഗോർഖാനേതാവ് സുഭാസ്ഘീസിങ്ങും ചേന്ന് ദില്ലിയിൽ ഒന്നിലേറെ തവണ സംഭാഷണങ്ങൾ നടത്തി വിശദാംശങ്ങളിൽ ധാരാളം വിട്ടുവീഴ്ചകൾക്ക് ജ്യോതിബസുവും ഘീസിങ്ങും തയ്യാറായി. ഒടുവിൽ, 1988 ജൂലൈ 25-ാം തീയതി ഒരു ഒത്തുതീർപ്പുരേഖയിൽ (മെമ്മോറാണ്ടം ഓഫ് സെററിൽമെൻറ്) ഘീസിങ്ങും ബംഗാൾ ഗവണ്മെൻറിന്റെ ചീഫ് സെക്രട്ടറിയും കേന്ദ്രഗവണ്മെൻറിന്റെ ഹോം സെക്രട്ടറിയും കൽക്കത്തയിൽ ഒപ്പുവെച്ച

തോടെ ഗോർഖാലാൻഡ് പ്രശ്നം ഏറെക്കുറെ എല്ലാ കക്ഷികൾക്കും തൃപ്തികരമായ വിധത്തിൽ പരിഹരിക്കപ്പെട്ടുവെന്നു കരുതാം.

ദേശീയതാല്പര്യം പരിഗണിച്ചും പ്രധാനമന്ത്രിയുടെ അഭ്യർത്ഥനയ്ക്കു വഴങ്ങിയും ഗോർഖകൾക്ക് ഒരു വ്യത്യസ്ത സംസ്ഥാനം (ഗോർഖാലാൻഡ്) രൂപവൽക്കരിക്കണമെന്ന ആവശ്യം ജി. എൻ. എൽ. എഫ്. ഉപേക്ഷിച്ചതായി ഒത്തുതീർപ്പുരേഖയിൽ പറയുന്നു. പകരം, ഡാർജിലിങ് ജില്ലയിലെ കുന്നിൻപ്രദേശങ്ങളിൽ പാർക്കുന്നവരുടെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പുരോഗതിക്കുവേണ്ടി, ബംഗാൾ നിയമസഭ പാസ്സാക്കുന്ന ഒരു ആക്ടിന്റെ അടിസ്ഥാനത്തിൽ 'ഡാർജിലിങ് ഗോർഖാഹിൽ കൗൺസിൽ' എന്ന ഒരു സ്വയംഭരണസ്ഥാപനം ബംഗാൾ ഗവണ്മെന്റ് നിലവിൽ വരുത്തുന്നതാണ്. ഡാർജിലിങ് ജില്ലയിലെ ഡാർജിലിങ്, കലിംപോങ്, കർസിയോങ് എന്നീ സബ്ഡിവിഷനുകളും സിലിഗുരി സബ്ഡിവിഷനിലെ ഏതാനും പ്രദേശങ്ങളും ഈ കൗൺസിലിന്റെ അധികാരപരിധിക്ക് അകത്തായിരിക്കും. കൗൺസിലിൽ നാല്പത്തിരണ്ട് അംഗങ്ങളാണുണ്ടാവുക. ഇവരിൽ ഇരുപത്തെട്ടുപേർ തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കും. പതിന്നാലുപേരെ സർക്കാർ നോമിനേറ്റ് ചെയ്യും. കേന്ദ്രത്തിലെയും സംസ്ഥാനത്തിലെയും നിയമങ്ങൾക്ക് വിധേയമായി റിസർവ് വനം ഒഴികെയുള്ള ഭൂമി കാർഷികാവശ്യങ്ങൾക്കും മറ്റുമായി ഉപയോഗിക്കാനും പതിച്ചുനല്കാനും റിസർവ് ചെയ്യാത്ത വനഭൂമി ഭരിക്കാനും കൗൺസിലിനു അധികാരമുണ്ടാവും. ഈ പ്രദേശത്തു കൃഷി, പൊതുജനാരോഗ്യം, ടൂറിസം, തൊഴിൽപ്പരിശീലനം, പൊതുമരാമത്ത്, ഗതാഗതം, കന്നുകാലിസംരക്ഷണം മുതലായ കാര്യങ്ങൾ കൗൺസിലിന്റെ കീഴിലായിരിക്കും. ഇവിടെയുള്ള പഞ്ചായത്തുകളുടെയും നഗരസഭകളുടെയും മേൽനോട്ടവും കൗൺസിൽ നടത്തും. കൗൺസിലിന്റെ ചെയർമാനും വൈസ്ചെയർമാനും ചെയർമാൻ നോമിനേറ്റ് ചെയ്യുന്ന അഞ്ചു കൗൺസിൽ അംഗങ്ങൾ, സംസ്ഥാന സർക്കാർ നോമിനേറ്റ് ചെയ്യുന്ന രണ്ടു കൗൺസിൽ അംഗങ്ങൾ എന്നിവരടങ്ങിയ ഒരു എക്സിക്യൂട്ടീവ് കൗൺസിലാണ് ഗോർഖാഹിൽ കൗൺസിലിന്റെ നടത്തിപ്പിന് ഉത്തരവാദിത്വം വഹി കൗൺസിലിന്റെ ചെയർമാൻ ചീഫ് എക്സിക്യൂട്ടീവ് കൗൺസിലർകൂടി ആയിരിക്കും. അദ്ദേഹത്തിന് പശ്ചിമബംഗാളിലെ ഒരു മന്ത്രിയുടെ പദവി ഉണ്ടായിരിക്കും.

ഹിൽകൗൺസിൽ രൂപവൽക്കരിക്കുന്നതിനാവശ്യമായ നിയമം ബംഗാൾ നിയമസഭ വൈകാതെ പാസ്സാക്കും. 1988 ഡിസംബർ 15-ഓടെ ഹിൽ കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പുകൾ നടത്തും. ഗോർഖാലാൻഡ് പ്രക്ഷോഭണത്തോടനുബന്ധിച്ച്, കൊലപാതകം ഒഴികെയുള്ള കുറ്റങ്ങളിൽ ശിക്ഷ അനുഭവിക്കുന്നവരെയും തടവിലിരിക്കുന്നവരെയും ബംഗാൾ ഗവണ്മെന്റ് വിട്ടയയ്ക്കും; ഇതു സംബന്ധിച്ച നിലവിലുള്ള കേസ്സുകൾ പിൻവലിക്കുകയും ചെയ്യും. പ്രക്ഷോഭണത്തോടു ബന്ധപ്പെട്ട് പിരിച്ചുവിട്ട സർക്കാർ ഉദ്യോഗസ്ഥരെ തിരിച്ചെടുക്കും.

ജി. എൻ. എൽ. എഫ്. പ്രവർത്തകർ എല്ലാ പ്രക്ഷോഭണങ്ങളും അവസാനിപ്പിക്കുകയും, സമാധാനം സ്ഥാപിക്കാൻ ബംഗാൾ ഗവണ്മെന്റുമായി സഹകരിക്കുകയും നിയമവിരുദ്ധമായി തങ്ങൾ കൈവശം വെക്കുന്ന ആയുധങ്ങൾ ജില്ലാഭരണാധികൃതർക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്യും.

കൽക്കത്തയിൽ ഒപ്പുവെച്ച ഒത്തുതീർപ്പു രേഖയ്ക്കു പുറമേ, കേന്ദ്രഗവണ്മെന്റിന്റെ ഹോം സെക്രട്ടറിയും സുഭാഷ് ഘീസിങ്ങും മറ്റൊരു രേഖയിൽ 1988 ആഗസ്റ്റ് 23-ാം തീയതി ദില്ലിയിൽ ഒപ്പുവെച്ചിട്ടുണ്ട്. ഗോർഖകളുടെ ഭാരതീയ പൗരത്വമാണ് ഈ രേഖയുടെ വിഷയം. ബംഗാൾ, ബിഹാർ, ഉത്തരപ്രദേശ്, അസം, മേഘാലയം, സിക്കിം മുതലായ പ്രദേശങ്ങളിലായി എൺപതു ലക്ഷത്തോളം ഗോർഖകൾ തലമുറകളായി ഇന്ത്യയിൽ പാർത്തുവരു

നുണ്ടെന്നാണു കരുതപ്പെടുന്നതു്. എന്നാൽ, 1950–ൽ ഇന്ത്യയും നേപ്പാളും തമ്മിൽ ഒപ്പുവെച്ച ഒരു സന്ധിപ്രകാരം ഇവർക്കു് നേപ്പാളിൽ വോട്ടവകാശമൊഴികെ മറെറല്ലാ പൗരാവകാശങ്ങളുമുണ്ടു്. അതു നിമിത്തം ഗോർഖകൾ ഇപ്പോഴും പൂർണമായും ഇന്ത്യൻ പൗരന്മാരാണെന്നു പല പ്രദേശങ്ങളിലും അംഗീകരിക്കപ്പെടുന്നില്ല. അതായതു്, അവർ നേപ്പാളികളായാണു് കണക്കാക്കപ്പെടുന്നതു്. മേഘാലയം, അസം മുതലായ സംസ്ഥാനങ്ങളിൽനിന്നു് ഗോർഖകളെ ഓടിക്കുന്നതിനുള്ള പ്രക്ഷോഭണങ്ങൾ മുമ്പു നടന്നിരുന്നു. ദില്ലി രേഖ ഗോർഖകളുടെ ഇന്ത്യൻ പൗരത്വത്തെ സംശയാതീതമായി അംഗീകരിക്കുന്നു. അതേസമയം, ഇന്ത്യൻ ഭരണഘടനയിൽ ചേർത്തിട്ടുള്ള എട്ടാം പട്ടികയിൽ നേപ്പാളി (ഗോർഖാളി) ഭാഷ ഉൾപ്പെടുത്തണമെന്ന ആവശ്യം ജി. എൻ. എൽ. എഫ്. ഉപേക്ഷിച്ചിരിക്കുന്നു. എങ്കിലും, ആ ഭാഷയുടെ വികസനത്തിനു വേണ്ടതെല്ലാം ചെയ്യുമെന്നു് കേന്ദ്രഗവണ്മെൻറ് ഏററിട്ടുണ്ടു്. ഗോർഖകൾക്കായി ഇന്ത്യയിലൊരു പ്രത്യേക സൈനികവിഭാഗം ഉണ്ടാക്കണമെന്ന ജി. എൻ. എൽ. എഫിൻെറ ആവശ്യം കേന്ദ്രഗവണ്മെൻറ് അംഗീകരിച്ചിട്ടില്ല. ഏതു റജിമെൻറിൽ വേണമെങ്കിലും ഗോർഖകൾക്കു ചേരാമെന്നാണു് ഗവണ്മെൻറിൻെറ നിലപാടു്. ഇതിനോടും ജി.എൻ എൽ.എഫ്. യോജിപ്പു് പ്രകടിപ്പിച്ചിട്ടുണ്ടു്. ഇന്ത്യയുടെ രാജ്യരക്ഷയ്ക്കു് വീരരായ ഗോർഖകൾ നൽകിവന്ന അമൂല്യസംഭാവനയെ ഗൃഹമന്ത്രി ബൂട്ടാസിംഹ് ഈ സന്ദർഭത്തിൽ പ്രശംസിക്കുകയുണ്ടായി. ഡാർജിലിങ്ങ്പ്രദേശത്തിൻെറ വികസനത്തിനു് ഉദാരമായി ധനസഹായം നൽകാനും കേന്ദ്രഗവണ്മെൻറ് സമ്മതിച്ചിട്ടുണ്ടു്.

ഗോർഖകളുടെ പൗരത്വപ്രശ്നം ഇതുകൊണ്ടു് പൂർണമായും പരിഹരിക്കപ്പെട്ടിട്ടില്ലെന്നു് തൊട്ടടുത്തുള്ള സിക്കിം സംസ്ഥാനത്തിലെ മുഖ്യമന്ത്രി നർബഹാദുർഭണ്ഡാരി (ഇദ്ദേഹം ഒരു ഗോർഖയാണു്) പ്രസ്താവിച്ചിട്ടുണ്ടു്. എങ്കിലും, ഗോർഖകളുടെ അസംതൃപ്തി ഏറെക്കുറെ ഒഴിവാക്കി ഭാരതീയ ജനസമൂഹത്തിൽ അവരെ പൂർണമായും വിലയിപ്പിക്കുന്നതിനുള്ള രാഷ്ട്രീയ–അടിസ്ഥാനം കൽക്കത്താ ഒത്തുതീർപ്പോടെ സംജാതമായിക്കഴിഞ്ഞിട്ടുണ്ടെന്നു കരുതാം. ഈ ഒത്തുതീർപ്പു രൂപപ്പെടുത്തിയതിലും, അതിൽ ഒപ്പുവെച്ചതിലും സുഭാസ് ഘീസിങ്ങും ജ്യോതിബസുവും ബൂട്ടാസിംഹും അനുമോദനം അർഹിക്കുന്നു.

ഭൂരിപക്ഷസംസ്കാരത്തിൻെറ കുത്തിയൊലിപ്പിൽ തങ്ങളുടെ ഭാഷയും സംസ്കാരവും ഗോത്രസവിശേഷതകളും നഷ്ടപ്പെട്ടുപോവുകയാണെന്ന ഭയം ഇന്ത്യയിൽ പല ന്യൂനപക്ഷങ്ങൾക്കും ഉണ്ടു്. ഈ ഭയം പല തരത്തിലുള്ള വിഘടനപ്രസ്ഥാനങ്ങൾക്കു കാരണമാവുകയുംചെയ്യുന്നു. ത്രിപുര, നാഗാലാൻഡ്, മിസോറം, മണിപ്പൂർ മുതലായ സ്ഥലങ്ങളിൽ സായുധകലാപമായി രൂപംകൊണ്ട വിഘടനപ്രസ്ഥാനങ്ങൾക്കിടയിലുള്ളതു് ഇത്തരം ഭയമാകുന്നു. മദ്ധ്യപ്രദേശ്, ബിഹാർ, ഒറീസ്സ, ബംഗാൾ മുതലായ സംസ്ഥാനങ്ങളിലെ ആദിവാസിപ്രദേശങ്ങൾ ഒന്നിച്ചു ചേർത്തു് 'ഝാർഗണ്ഡ്' (കാററിക്കാടു സംസ്ഥാനം) എന്ന ഒരു ആദിവാസി സംസ്ഥാനം രൂപവൽക്കരിക്കണമെന്ന വാദവും നിലവിലുണ്ടു്. ഗോർഖകൾക്കു വലിയ അളവിൽ സ്വയംഭരണം നൽകുന്നതിനുള്ള വ്യവസ്ഥകൾ ഡാർജിലിങ്ങ് ഗോർഖാഹിൽ കൗൺസിൽ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടല്ലോ. ഇതുപോലെ മററു ന്യൂനപക്ഷപ്രദേശങ്ങളിലും ന്യൂനപക്ഷക്കാർക്കു ഗണ്യമായ തോതിൽ സ്വയംഭരണം നല്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കാവുന്നതേയുള്ളു. ചുരുക്കത്തിൽ ഇന്ത്യയിലെ ന്യൂനപക്ഷ പ്രശ്നങ്ങൾ ജനാധിപത്യപരമായി പരിഹരിക്കുന്നതിനുള്ള മാർഗദർശനംകൂടി ഡാർജിലിങ്ങിൽനിന്നു നേടാവുന്നതാണു്.

ഒത്തുതീർപ്പിലെ വ്യവസ്ഥകൾ മൂന്നു കക്ഷികളും (കേന്ദ്രഗവണ്മെൻറും ബംഗാൾ ഗവണ്മെൻറും ഗോർഖാ ദേശീയ വിമോചന മുന്നണിയും) ആത്മാർത്ഥമായി നടപ്പിൽ വരുത്തുമെന്നും ഹിമാലയസാനുക്കളിൽനിന്നു് ഏതാനും വർഷങ്ങളായി അപ്രത്യക്ഷമായിരുന്ന സമാധാനം ഇതോടെ അവിടെ വീണ്ടും

പ്രത്യക്ഷപ്പെടുമെന്നും നമുക്ക് ആശിക്കുക. ധീരതയ്ക്കുന്നപോലെ എളിമയും പേരുകേട്ടവരാണ് ഗോർഖകൾ. വ്യത്യസ്ത ജനതകളെ ഉൾക്കൊള്ളുന്ന ഇന്ത്യൻ രാഷ്ട്രത്തിന് അവരുടെ സേവനം വിലപ്പെട്ടതാണ്.

(26 ആഗസ്റ്റ്, 1988)

## 24. മദ്രാസ് എ. ഐ സി. സി.

1988 ഏപ്രിൽ 23, 24 തീയതികളിൽ മദ്രാസിലെ മറൈമലൈ നഗറിൽ ചേർന്ന അഖിലേന്ത്യാ കോൺഗ്രസ് കമ്മററി സമ്മേളനം വളരെയൊന്നും പൊതുജനശ്രദ്ധ ആകർഷിക്കുകയുണ്ടായില്ല. ഭരണതലത്തിലും സംഘടനാതലത്തിലും തുടർച്ചയായി നേരിട്ടുകൊണ്ടിരിക്കുന്ന പരാജയങ്ങൾമൂലം ഉശിരു കെട്ട ഒരു സംഘടനയിൽ ജനങ്ങൾക്ക് താല്പര്യം തോന്നിയില്ലെങ്കിൽ, അതിൽ അത്ഭുതവുമില്ല.

എം. ജി. രാമചന്ദ്രന്റെ മരണത്തെത്തുടർന്ന് രാഷ്ട്രപതി ഭരണത്തിൻകീഴിലായ തമിഴ്നാട്ടിൽ, അടുത്ത ആറു മാസങ്ങൾക്കുള്ളിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. പല ഗ്രൂപ്പുകളായി ഭിന്നിച്ചുപോയ എ. ഐ. എ. ഡി. എം. കെ. പാർട്ടിയുടെ ഏതെങ്കിലും വിഭാഗത്തോടു കൂട്ടുചേർന്ന് ഈ തിരഞ്ഞെടുപ്പിൽ വിജയം നേടി ഒരിക്കൽക്കൂടി തമിഴ്നാട് ഭരണത്തിൽ നേതൃത്വമോ, പങ്കാളിത്തമെങ്കിലുമോ, നേടാമെന്ന് തമിഴ്നാട്ടിലെ ചില കോൺഗ്രസ് നേതാക്കൾ ആശിക്കുന്നുണ്ട്. തമിഴ്നാട് രാഷ്ട്രീയത്തിലേക്ക് കോൺഗ്രസ്സിന്റെ ഇത്തരമൊരു തിരിച്ചുവരവിനു കളമൊരുക്കുന്നതിനുവേണ്ടിയാണ് എ. ഐ. സി. സി. സമ്മേളനം മദ്രാസിൽ വിളിച്ചുകൂട്ടിയത്. പക്ഷേ, ഈ ലക്ഷ്യം നേടുന്നതിൽ മദ്രാസ് സമ്മേളനം വിജയിച്ചതായി തോന്നുന്നില്ല. മറിച്ച്, സമ്മേളനത്തിൽ കാണപ്പെട്ട അച്ചടക്കക്കുറവും, ജനക്കൂട്ടത്തെ ആകർഷിക്കുന്നതിൽ സമ്മേളനത്തിനുണ്ടായ പരാജയവും, തമിഴ്നാട്ടിൽ കോൺഗ്രസ് സംഘടനയുടെ സ്വാധീനം ഒന്നുകൂടി കുറയ്ക്കാനേ ഈ സമ്മേളനം ഉപകരിച്ചിട്ടുള്ളു എന്ന ധാരണയാണ് നിഷ്പക്ഷനിരീക്ഷകരിൽ ഉളവാക്കുന്നത്.

സാധാരണഗതിയിൽ കേന്ദ്ര പാർലമെന്റിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് ഒരു വർഷത്തിനകം നടക്കേണ്ടതാണ്. ഭരണകക്ഷിക്ക് വിജയപ്രതീക്ഷയുണ്ടെങ്കിൽ പൊതുതിരഞ്ഞെടുപ്പ് അതിനുമുമ്പുതന്നെ നടന്നുകൂടായ്കയുമില്ല. ഈ തിരഞ്ഞെടുപ്പിന്റെ തന്ത്രങ്ങളാവിഷ്കരിക്കുകയെന്ന ലക്ഷ്യംകൂടി മദ്രാസ് എ. ഐ. സി. സി. സമ്മേളനത്തിനുള്ളതായി പറഞ്ഞുകേട്ടിരുന്നു. ഇതു ശരിയെങ്കിൽ, ഇക്കാര്യത്തിൽ എടുത്തുപറയത്തക്ക എന്തെങ്കിലും മുൻകൈ മദ്രാസ് എ. ഐ. സി. സി. സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്നിട്ടില്ല.

അന്താരാഷ്ട്രീയതലത്തിലും രാഷ്ട്രീയതലത്തിലും സാമ്പത്തികതലത്തിലും സംഘടനാതലത്തിലും ഗൗരവാവഹമായ പ്രതിസന്ധികൾ ഒന്നിനുപുറകെ ഒന്നായി കേന്ദ്രത്തിലെ കോൺഗ്രസ് പാർട്ടി ഭരണത്തെ പ്രഹരിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയ്ക്കെതിരെ പാകിസ്ഥാന് അമേരിക്ക പരസ്യമായി ആയുധ–സാമ്പത്തിക–സഹായം നൽകിക്കൊണ്ടിരിക്കുന്നു. പാകിസ്ഥാനാണെങ്കിൽ അണു–ആയുധ നിർമ്മാണക്കഴിവ് നേടിയുമിരിക്കുന്നു. പഞ്ചാബിലെ സിഖ് വിഘടനവാദത്തെ പാകിസ്ഥാൻ തുറന്നുതന്നെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചാബ് അതിർത്തിയിലോ കാശ്മീർ അതിർത്തിയിലോ പാകിസ്ഥാനുമായി ഒരു തുറന്ന സംഘട്ടനം എന്നുവേണമെങ്കിലും